**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **28-01-2026 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി.യുടെ പ്രവർത്തനം വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കെ. എസ്. ഇ. ബി. ക്ക് പ്രവർത്തനലാഭം നേടുന്നതിന് സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **പ്രസരണ വിഭാഗത്തെ സംബന്ധിക്കുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.**<br><br>ഈ സർക്കാരിന്റെ കാലയളവിൽ പ്രസരണ വിഭാഗത്തിൽ ഒരു 400 kV സബ്സ്റ്റേഷനും, ആറു 220 kV സബ്സ്റ്റേഷനുകളും, എഴ് 110 kV സബ്സ്റ്റേഷനുകളും, നാല് 33 kV സബ്സ്റ്റേഷനുകളും പുതിയതായി കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, ഒരു സബ്സ്റ്റേഷന്റെ ശേഷി 220 kV ആക്കിയും, ഒൻപത് സബ്സ്റ്റേഷനുകളുടെ ശേഷി 110 kV ആക്കിയും ഉയർത്തിയിട്ടുണ്ട്.<br><br>1.23 കിലോമീറ്റർ 400 kV ലൈനുകളും, 596 കിലോമീറ്റർ 220 kV ലൈനുകളും, 738 കിലോമീറ്റർ 110 kV ലൈനുകളും, 196 കിലോമീറ്റർ 33 kV ലൈനുകളും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസരണ നഷ്ടം മാർച്ച്, 2021 നെ അപേക്ഷിച്ച് (3.849%) സെപ്റ്റംബർ 2025 - ൽ (3.276%) 0.57% കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തു ന്നതിനുമായുള്ള പ്രധാന പദ്ധതികൾ 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ ദ്യുതി 1, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന<br><br>ദ്യുതി 2 തുടങ്ങിയവയാണ്. ഈ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-നു പ്രവർത്തനലാഭം ഉണ്ടാകാൻ സഹായകരമായിട്ടുണ്ട്. |

എച്ച്. റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയു പയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനസ്ഥാപനം ത്വരിതത്തിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ദ്യുതി 1, 2 പദ്ധതികളുടെ ഭാഗമാക്കിയിരുന്നു. ഇതിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ.ടി ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാ പനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും അപകടസാ ധ്യതയുള്ള പഴയ ലൈനുകളും, ഉപകര ണങ്ങളും മാറ്റിയതിലൂടെ പൊതുസു രക്ഷയും ജീവനക്കാരുടെ സുരക്ഷയും വർദ്ധിപ്പിക്കുവാനും വൈദ്യുതി വിതരണത്തിലെ സ്ഥിരത മെച്ചപ്പെട്ടതോടെ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുവാനും തൽഫലമായി പരാതികൾ ഗണ്യമായി കുറയ്ക്കുവാനും സാധിച്ചു.

പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് ദ്യുതി പദ്ധതികൾ നിർണായകമായ മുന്നേറ്റം നടത്തിയതിൽ ഏറ്റവും പ്രകടമായത് വിതരണ നഷ്ടം കുറച്ചതാണ്. 2017-2018-ൽ 9.39% ആയിരുന്ന വിതരണ നഷ്ടം, ദ്യുതി 1 പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം 2022 - 2023 - ൽ 6.87% ആയി കുറഞ്ഞിരുന്നു. ഇത് ഏകദേശം 754 MU ലാഭിച്ചതിന് തുല്യമായി കണക്കാക്കുന്നു. ദ്യുതി 2 പദ്ധതി ആരംഭിച്ചതിനു ശേഷം, 2024–25 സാമ്പത്തിക വർഷത്തിൽ, വൈദ്യുതി വിതരണ നഷ്ടം വീണ്ടും 6.61% ആയി കുറഞ്ഞിട്ടുണ്ട്. ഇതുവഴി ഏകദേശം 90 MU വൈദ്യുതി ലാഭം ലാഭിച്ചതായി കണക്കാക്കുന്നു. ഒരു യൂണിറ്റിന് ശരാശരി ₹6.6 രൂപ എന്ന നിരക്ക് പരിഗണിക്കുമ്പോൾ, ദ്യുതി 1,2 പദ്ധതികളിലായി വിതരണ നഷ്ടം കുറച്ചതിലൂടെ

| | | | |
|---|---|---|---|
| | | | ഏകദേശം ₹557 കോടി രൂപയുടെ വൈദ്യുതി വാങ്ങൽ കുറയ്ക്കാൻ സാധിച്ചതായി കണക്കാക്കപ്പെടുന്നു.<br><br>ഈ 5 വർഷ കാലയളവിൽ 15486.61 കോടി രൂപയുടെ മൂലധന നിക്ഷേപം ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ടി വികസന പ്രവർത്തനങ്ങൾ വഴി മെച്ചപ്പെട്ട വൈദ്യുതി തടസ്സങ്ങളില്ലാതെ ലഭ്യമാക്കാനും പ്രസരണ വിതരണ നഷ്ടം കുറഞ്ഞതു വഴി വൈദ്യുതി വാങ്ങൽ ചെലവില്ലുള്ള കുറവുമൂലം പ്രവർത്തന ലാഭം നേടുന്നതിനും കാരണമായിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ്ജ ഉല്പാദന രംഗത്ത് സൗരോർജ്ജ മേഖലയിൽ 1798.94 MW ആഭ്യന്തര ഉല്പാദനം വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്, വിൻഡ് മേഖലയിൽ സ്വകാര്യകാറ്റാടി നിലയങ്ങൾ വഴി ആഭ്യന്തര വൈദ്യുതോത്പാദനത്തിൽ 1.25 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര വൈദ്യുതോത്പാദനത്തിൽ 132.036 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **പ്രസരണ വിഭാഗത്തെ സംബന്ധിക്കുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.**<br><br>ഈ സർക്കാരിന്റെ കാലയളവിൽ പ്രസരണ വിഭാഗത്തിൽ ഒരു 400 kV സബ്സ്റ്റേഷനും, ആറു 220 kV സബ്സ്റ്റേഷനുകളും, എഴ് 110 kV സബ്സ്റ്റേഷനുകളും, നാല് 33 kV സബ്സ്റ്റേഷനുകളും പുതിയതായി കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, ഒരു സബ്സ്റ്റേഷന്റെ ശേഷി 220 kV ആക്കിയും, ഒൻപത് സബ്സ്റ്റേഷനുകളുടെ ശേഷി 110 kV ആക്കിയും ഉയർത്തിയിട്ടുണ്ട്.<br><br>1.23 കിലോമീറ്റർ 400 kV ലൈനുകളും, 596 കിലോമീറ്റർ 220 kV ലൈനുകളും, 738 കിലോമീറ്റർ 110 kV ലൈനുകളും, 196 കിലോമീറ്റർ 33 kV ലൈനുകളും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസരണ നഷ്ടം മാർച്ച്, 2021 നെ അപേക്ഷിച്ച് (3.849%) സെപ്റ്റംബർ 2025 - ൽ (3.276%) 0.57% കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തു ന്നതിനുമായുള്ള പ്രധാന പദ്ധതികൾ 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ ദ്യുതി 1, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന |

ദ്യുതി 2 തുടങ്ങിയവയാണ്. ഈ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-നു പ്രവർത്തനലാഭം ഉണ്ടാകാൻ സഹായകരമായിട്ടുണ്ട്.

എച്ച്. റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയു പയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനസ്ഥാപനം ത്വരിതത്തിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ദ്യുതി 1, 2 പദ്ധതികളുടെ ഭാഗമാക്കിയിരുന്നു. ഇതിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ.ടി ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാ പനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും അപകടസാ ധ്യതയുള്ള പഴയ ലൈനുകളും, ഉപകര ണങ്ങളും മാറ്റിയതിലൂടെ പൊതുസു രക്ഷയും ജീവനക്കാരുടെ സുരക്ഷയും വർദ്ധിപ്പിക്കുവാനും വൈദ്യുതി വിതരണത്തിലെ സ്ഥിരത മെച്ചപ്പെട്ടതോടെ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുവാനും തൽഫലമായി പരാതികൾ ഗണ്യമായി കുറയ്ക്കുവാനും സാധിച്ചു.

പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് ദ്യുതി പദ്ധതികൾ നിർണായകമായ മുന്നേറ്റം നടത്തിയതിൽ ഏറ്റവും പ്രകടമായത് വിതരണ നഷ്ടം കുറച്ചതാണ്. 2017-2018-ൽ 9.39% ആയിരുന്ന വിതരണ നഷ്ടം, ദ്യുതി 1 പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം 2022 - 2023 - ൽ 6.87% ആയി കുറഞ്ഞിരുന്നു. ഇത് ഏകദേശം 754 MU ലാഭിച്ചതിന് തുല്യമായി കണക്കാക്കുന്നു. ദ്യുതി 2 പദ്ധതി ആരംഭിച്ചതിനു ശേഷം, 2024–25 സാമ്പത്തിക വർഷത്തിൽ, വൈദ്യുതി വിതരണ നഷ്ടം വീണ്ടും 6.61% ആയി കുറഞ്ഞിട്ടുണ്ട്.

<table>
<tr>
<td></td>
<td></td>
<td></td>
<td>ഇതുവഴി ഏകദേശം 90 MU വൈദ്യുതി ലാഭം ലാഭിച്ചതായി കണക്കാക്കുന്നു. ഒരു യൂണിറ്റിന് ശരാശരി ₹6.6 രൂപ എന്ന നിരക്ക് പരിഗണിക്കുമ്പോൾ, ദ്യുതി 1,2 പദ്ധതികളിലായി വിതരണ നഷ്ടം കുറച്ചതിലൂടെ ഏകദേശം ₹557 കോടി രൂപയുടെ വൈദ്യുതി വാങ്ങൽ കുറയ്ക്കാൻ സാധിച്ചതായി കണക്കാക്കപ്പെടുന്നു.<br><br>ഈ 5 വർഷ കാലയളവിൽ 15486.61 കോടി രൂപയുടെ മൂലധന നിക്ഷേപം ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ടി വികസന പ്രവർത്തനങ്ങൾ വഴി മെച്ചപ്പെട്ട വൈദ്യുതി തടസ്സങ്ങളില്ലാതെ ലഭ്യമാക്കാനും പ്രസരണ വിതരണ നഷ്ടം കുറഞ്ഞതു വഴി വൈദ്യുതി വാങ്ങൽ ചെലവിലുള്ള കുറവുമൂലം പ്രവർത്തന ലാഭം നേടുന്നതിനും കാരണമായിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ്ജ ഉല്പാദന രംഗത്ത് സൗരോർജ്ജ മേഖലയിൽ 1798.94 MW ആഭ്യന്തര ഉല്പാദനം വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്, വിൻഡ് മേഖലയിൽ സ്വകാര്യകാറ്റാടി നിലയങ്ങൾ വഴി ആഭ്യന്തര വൈദ്യുതോത്പാദനത്തിൽ 1.25 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര വൈദ്യുതോത്പാദനത്തിൽ 132.036 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇത് കെ. എസ്. ഇ. ബി. യുടെ അറ്റാദായം വർദ്ധിപ്പിക്കാൻ സഹായകമായോയെന്ന് വിശദമാക്കാമോ;</td>
<td>(സി)</td>
<td>കെ.എസ്.ഇ.ബി.ലിമിറ്റഡ് വിവിധ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>വൈദ്യുതി വാങ്ങൽ ചെലവ (രൂപ കോടിയിൽ)</th></tr>
<tr><td>2021 - 22</td><td>8532.16</td></tr>
<tr><td>2022 -23</td><td>11240.62</td></tr>
<tr><td>2023 -24</td><td>12982.59</td></tr>
<tr><td>2024 -25</td><td>12749.65</td></tr>
</table>
2024-25 കാലയളവിലാണ് മുൻവർഷത്തെ അപേക്ഷിച്ച് വൈദ്യുതി വാങ്ങലിൽ കുറവ് രേഖപ്പെടുത്തിയത്. ആ വർഷം കമ്പനി ലാഭത്തിലാണ് പ്രവർത്തിച്ചത്.</td>
</tr>
<tr>
<td>(ഡി)</td>
<td>വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?</td>
<td>(ഡി)</td>
<td>ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25.08.2023-ന് നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ടോട്ടക്സ് മാതൃകയേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ബദൽ മാതൃക</td>
</tr>
</table>

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ, ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ടോട്ടക്സ് മാതൃകയിൽ ലഭിച്ച നിരക്കുകൾ ബദൽ മാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ 33% മുതൽ 151% വരെ കൂടുതലായിരുന്നു. 2026 ആഗസ്റ്റ് 31ന് തീർക്കാൻ ഉദ്ദേശിച്ച ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 1,71,285 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി, 22 കെ.വി ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി, ഇ.വി പോലുള്ള പ്രത്യേക വിഭാഗങ്ങൾ ഒഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.<br><br>ബദൽ മാതൃക പ്രകാരമുള്ള രണ്ടാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെണ്ടർ നടപടികൾ കെ.എസ്.ഇ.ബി.എൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററായി മാറ്റുന്നതും 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതും ഉൾപ്പെടെ 50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ ബില്ലിങ്ങ് ഉപഭോക്താക്കൾ, സോളാർ ഉപഭോ ക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 2028 മെയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി.എൽ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ